**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3658** **26-10-2021 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2019 മാർച്ച് മാസം മുതൽ ശബരിമല തീർത്ഥാടനകാലത്ത് അപകടരഹിത സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വിജയിച്ച 'ശബരിമല സേഫ് സോൺ' മാതൃകയിൽ ആണ് കേരളത്തിൽ 'സേഫ് കേരള ' പദ്ധതി നടപ്പിലാക്കിയത്. ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.യുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 24 X 7 രീതിയിൽ 85 സ്ക്വാഡുകൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. ഇതിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 99 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥരാണ് പ്രവർത്തിച്ചുവരുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഓഫീസറായി നേതൃത്വം നൽകുന്നത് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ ബോധവൽക്കരണം റോഡുകളിലെ അപകട സാധ്യത വിലയിരുത്തി പോലീസ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുമായി സഹകരിച്ച് അവ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുക. റോഡപകട വേളയിൽ ഇരയാകുന്നവർക്ക് സ്പോട്ടിലെത്തി വേണ്ട രക്ഷാ, ചികിത്സാ സഹായം എത്തിക്കുക തുടങ്ങി വിവിധതരം പ്രവർത്തനങ്ങൾ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത സ്ക്വാഡുകളുടെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായി 2020 -ൽ അപകടങ്ങളുടെ എണ്ണത്തിൽ 32% ഉം അപകടമരണങ്ങളിൽ 33% ഉം കുറവു വന്നിട്ടുണ്ട്. കൂടാതെ പ്രളയം, കോവിഡ് -19 മഹാമാരി തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ദുരന്ത വേളകളിൽ സേഫ് കേരള സ്ക്വാഡുകൾ ശക്തമായ രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ജി.പി.എസ്. അധിഷ്ഠിതമായ വാഹനനിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനത്തിൽ ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും 17 ആർ.ടി. ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. 'സുരക്ഷ മിത്ര' എന്ന സോഫ്റ്റ് വെയർ, സി - ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുകയും ടി സോഫ്റ്റ് വെയറിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഉപകരണ നിർമ്മാതാക്കളെയും ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഇങ്ങനെ ഉൾപ്പെടുത്തപ്പെട്ട നിർമ്മാതാക്കളുടെ ഉപകരണങ്ങളാണ് Public Service Vehicles വിഭാഗത്തിൽപ്പെടുന്ന വാഹന ഉടമകൾ അവരുടെ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതും ജി.പി.എസ് അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിലൂടെ നിരീക്ഷിക്കപ്പെടുകയും ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ